II ഇ.ബി. XIII-കേരള നിയമസഭ/XII-7

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 10, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

18 (*211) വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നൂതനമായ പദ്ധതികൾ

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) നൽകിയ മറുപടിയിൽ, കേരളത്തിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നതായി സഭയെ അറിയിച്ചു. സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുകയും പ്രധാന നഗരങ്ങളിൽ

റോഡ്ഷോകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ആഭ്യന്തര ടൂറിസം പരിപോഷിപ്പിക്കുന്നതിനായി ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് ദേശീയ വ്യാപാര മേളകൾ, റോഡ്ഷോകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ 'മാൾബ്രാന്റിംഗ്', ദേശീയതലത്തിൽ പ്രധാന മെട്രോസിറ്റികളിൽ 'എയർപോർട്ട് ഡിസ്പ്ലേ', മുംബൈ മെട്രോയിൽ 'മെട്രോട്രെയിൻ ബ്രാന്റിംഗ്', മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെട്ട കാമ്പയിൻ എന്നിവ സംഘടിപ്പിച്ചുവരുന്നു. കേരളത്തിന്റെ തനതായ കലാരൂപങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനായി മികച്ച കലാരൂപങ്ങളെയും ഉത്സവങ്ങളെയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകളും സി.ഡി.കളും നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക്വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ്, വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യ പ്രചരണം എന്നിവയും ആഗോളതലത്തിൽ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് നടത്തിവരുന്നു. കൂടാതെ

കേരളത്തിന് വിപണി സാധ്യതയുണ്ടെന്ന് വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന 6 മാസത്തെ പാസ്പോർട്ടെങ്കിലുമുള്ള സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നുതന്നെ 60 യു.എസ്. ഡോളർ ചിലവിൽ 30 ദിവസത്തേയ്ക്ക് അംഗീകാരമുള്ള ടൂറിസ്റ്റ് വിസ ലഭ്യമാക്കുന്നതിനുള്ള വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ് വാട്ടർ ടാക്സി പുതുതായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിന് പുറത്തും വിദേശത്തുമുള്ള വിനോദസഞ്ചാരികൾക്കും ടൂർ ഓപ്പറേറ്റർമാർക്കും കേരളത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള ബ്രോഷർ തുടർച്ചയായി അയച്ചുവരുന്നു. എതിർപ്പുകളെത്തുടർന്ന് നിർത്തിവച്ച സീപ്ലെയിൻ പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കാലടി, മലയാറ്റൂർ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം സർക്യൂട്ട് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ടൂറിസം വികസനത്തിന്റെ ഭാഗമായി അതിരപ്പിള്ളി പുഴയ്ക്ക് കുറുകെ 5 കോടി രൂപ ചെലവിൽ തൂക്കുപാലം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരികയാണ്. മുസരീസ് പ്രോജക്ട്

അടുത്തവർഷം ജനുവരി മാസത്തോടെ കമ്മീഷൻ ചെയ്യുന്നതാണെന്നും ലോകനാഥ്കാവ് ക്ഷേത്രം ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പൂർത്തീകരണത്തിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. നാട്ടിക മണ്ഡലത്തിലെ സ്നേഹതീരം പദ്ധതി 50 ലക്ഷം രൂപ ചെലവഴിച്ച് വിപുലീകരിക്കുന്നതാണ്. ആക്കുളത്തെ മികച്ച ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനും മൂന്നാറിൽ ബൊട്ടാണിക്കൽ ഗാർഡൻ ആരംഭിക്കുന്നതിനും കുമളി ടൂറിസം വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും സാഹചര്യങ്ങൾ അനുകൂലമാകുന്ന മുറയ്ക്ക് പാതിരാമണലിനെ ടൂറിസം കേന്ദ്രമായി വളർത്തിയെടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഡി.ടി.പി.സി.കളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. പ്രധാനമന്ത്രി വിളിച്ചുകൂട്ടിയ മുഖ്യമന്ത്രിമാരുടെ യോഗത്തിൽ ടൂറിസം മേഖലയുടെ സാധ്യതകളെ സംബന്ധിച്ചാണ് കേരള മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തതെന്നും കേരള ടൂറിസത്തിന് മികച്ച അംഗീകാരമാണ് ഇതിലൂടെ ലഭിച്ചിരിക്കുന്നതെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി അറിയിച്ചു.

19 (*212) <u>സ്കൂളുകളിൽ ഫുഡ് സേഫ്റ്റി ക്ലബ്ബുകൾ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്.

ശിവകുമാർ) നൽകിയ മറുപടിയിൽ, സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് 'സുരക്ഷിത ഭക്ഷണം ആരോഗ്യത്തിനാധാരം' പദ്ധതി നടപ്പിലാക്കി ജീവിതശൈലി രോഗകാരണങ്ങളായ ജംഗ്ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ, ലഹരി വസ്തുക്കളായ ഗുഡ്ക, പാൻമസാല എന്നിവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ എന്നിവയെപ്പറ്റി ഫുഡ് സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നതായി സഭയെ അറിയിച്ചു. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഉപന്യാസ മത്സരവും മേഖലാടിസ്ഥാനത്തിൽ പ്രശ്നോത്തരിയും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ ആഴ്ചയിലൊരിക്കൽ എല്ലാ സ്കൂളുകളിലും ഫുഡ് സേഫ്റ്റി അസംബ്ലി നടത്തുന്നതും സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുന്നതിനായി ഫുഡ് സേഫ്റ്റി ക്ലബ്ബുകൾ ആരംഭിക്കുന്നതുമാണ്. കൂടാതെ സുരക്ഷിത ഭക്ഷണം എന്ന

വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ അവയർനസ് പ്രോഗ്രാം എന്നീ പദ്ധതികൾ നല്ല രീതിയിൽ നടപ്പാക്കിവരുന്നുണ്ട്. സ്കൂളുകളിലെ പാചകപ്പുരകളടക്കമുള്ളവ ശുചിയായി സംരക്ഷിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരളമെമ്പാടും സേഫ് കേരള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് 300-ൽപരം കേസുകളെടുത്തിട്ടുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസുകൾ ആരംഭിച്ച് പരിശോധന കൂടുതൽ കർക്കശമാക്കുന്നതാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമായ പദ്ധതികളുമായി മുന്നോട്ടുപോകുന്നതാണെന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഷാംശം കലർന്ന പഴങ്ങളും പച്ചക്കറികളും കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

20 (*213) <u>പട്ടികജാതി കുടുംബങ്ങളുടെ വീടു നിർമ്മാണം പൂർത്തീകരിക്കാൻ നടപടി</u>

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

നൽകിയ മറുപടിയിൽ വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള പദ്ധതി പ്രകാരം അനുവദിച്ചവയിൽ 15 ശതമാനത്തോളം വീടുകളുടെ നിർമ്മാണം പാതിവഴിയിൽ നിലച്ചതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായം മൂന്നുലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും 2007-2008 മുതൽ 2013-14 വരെ പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച വീടുകളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഭവനനിർമ്മാണ സാധനങ്ങളുടെ വിലയിലും കൂലിയിലുമുണ്ടായ വർദ്ധനവ്, ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവ കാരണമാണ് ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ പണിപൂർത്തിയാക്കാത്തതുൾപ്പെടെയുള്ള വീടുകളുടെ പൂർത്തീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 50,000 രൂപയുടെ പ്രത്യേക പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. വീടുകളുടെ പൂർത്തീകരണത്തിന് നിശ്ചയദാർഢ്യത്തോടെയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണെന്നും പൂർത്തീകരണത്തിനനുസരിച്ച് പണം നൽകാൻ

ഗവൺമെന്റ് സന്നദ്ധമാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2551 മുതൽ 2899 വരെയുള്ള ചോദ്യങ്ങളിൽ 71 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)